# ദേശപ്പെരുമ

## കുഞ്ഞിമംഗലം ഗ്രാമത്തിന്റെ പൈതൃകവഴികൾ

ഡോ. സോന ഭാസ്കരൻ



കണ്ണൂരിലെ ഏഴിമലയെ പുണർന്നു കിടക്കുന്ന കുഞ്ഞിമംഗലം ഗ്രാമം ദേശപ്പെരുമയുടെ പര്യായമാണ്. കുഞ്ഞിമംഗലം വിളക്കും ഓട്ടുരുളിയും നെയ്ത്തും മറത്തുകളിയും കടാങ്കോട്ടു മാക്കവും എല്ലാംകുടിച്ചേർന്ന ഒരു പൈതൃകഗ്രാമത്തിലേക്കുള്ള വഴിവിളക്കാണ് ഈ പ്രാദേശിക ചരിത്രഗ്രന്ഥം.

വില: ₹ 150/-

SIL - 4841

ISBN 978 81-200-4841-6

കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്
തിരുവനന്തപുരം

ദേശപ്പെരുമ : കുഞ്ഞിമംഗലം ഗ്രാമത്തിന്റെ പൈതൃകവഴികൾ

ഡോ. സോന ഭാസ്കരൻ



# ദേശപ്പെരുമ

## കുഞ്ഞിമംഗലം ഗ്രാമത്തിന്റെ പൈതൃകവഴികൾ

309

ഡോ. സോന ഭാസ്കരൻ

309

LIBRARY

COLLEGE OF AVIAN SCIENCES & MANAGEMENT
KVASU CAMPUS, THIRUVAZHAMKUNNU

Acc. No. 21024 ..............                Call No. ........................

This book should be returned on or before the date last given below.

*Malayalam*

Desapperuma
(Kunjimangalam Gramathinte
Paithruka Vazhikal)

*by*
Dr. Sona Bhaskaran

*First Published:* May 2020

*Typeset at*
Devi Dtp Centre, Kuttikade, Kaimanam
Pappanamcode-P.O, Thiruvananthapuram-18

*Printed at*
Vijnanamudranam Press
Thiruvananthapuram - 695003

*Published by*
The State Institute of Languages,
Thiruvananthapuram, Kerala - 695003

© The State Institute of Languages,
Thiruvananthapuram, Kerala 2020

Copies: 500

SIL/ **4841** **ISBN-978-81-200-4841-6**

*Published by the State Institute of Languages, Kerala, Thiruvananthapuram, under the centrally sponsored scheme for production of text books and literature in regional languages, at the University level, sponsored by the Govenment of India, Ministry of Human Resource Development (Department of Culture), New Delhi.*

Price: Rs. **150 /-** FT - 2869

# ദേശപ്പെരുമ

## (കുഞ്ഞിമംഗലം ഗ്രാമത്തിന്റെ പൈതൃകവഴികൾ)

**ഡോ. സോന ഭാസ്കരൻ**

**കേരള ഭാഷാ ഇൻസ്റ്റിറ്റ്യൂട്ട്**
**തിരുവനന്തപുരം**

**ഡോ. സോന ഭാസ്കരൻ**

1990 മെയ് 28 ന് കണ്ണൂർ ജില്ലയിലെ ശ്രീകണ്ഠാപുരത്ത് ജനനം. കോട്ടൂർ എ. യു. പി. സ്കൂൾ, ശ്രീകണ്ഠാപുരം ഗവ. ഹയർസെക്കന്ററി സ്കൂൾ, കുഞ്ഞിമംഗലം ഗവ. ഹയർ സെക്കന്ററി സ്കൂൾ എന്നിവിടങ്ങളിലെ പഠനത്തിനുശേഷം പയ്യന്നൂർ കോളെജിൽ നിന്നും മലയാളബിരുദവും, ഗവ. ബ്രണ്ണൻ കോളെജിൽ നിന്നും മലയാള ബിരുദാനന്തര ബിരുദവും ഗവ. ബ്രണ്ണൻ കോളെജ് ഓഫ് ടീച്ചർ എഡ്യൂക്കേഷനിൽ നിന്ന് ബി.എഡും പൂർത്തിയാക്കി. കണ്ണൂർ സർവകലാശാലയിൽ നിന്നും മലയാളസാഹിത്യത്തിൽ പിഎച്ച്. ഡി. നേടി. ഹയർസെക്കന്ററി തലത്തിലും കോളെജ് തലത്തിലും താൽക്കാലിക അധ്യാപികയായി സേവനമനുഷ്ഠിച്ചുവരുന്നു.

പുരസ്കാരങ്ങൾ: കുഞ്ഞുണ്ണി മാസ്റ്റർ സ്മാരക കുട്ടേട്ടൻ യുവസാഹിത്യപുരസ്കാരം (2012), ശ്രീനാരായണഗുരു സാംസ്കാരിക സമിതി ഏർപ്പെടുത്തിയ ചമ്പാടൻ സ്മാരക അവാർഡ് (2013), തുളുനാട് എ. എൻ. സുവർണവല്ലി അവാർഡ് (2015).

ആദ്യപുസ്തകം: തെയ്യം ഒരു നൃത്തവിചാരം.

| | | |
|---|---|---|
| അച്ഛൻ | : | സി. ഭാസ്കരൻ |
| അമ്മ | : | കെ. ഗൗരി |
| ഭർത്താവ് | : | സി. വി. ശ്രീകാന്ത് |
| വിലാസം | : | ഇളമ്പച്ചി പി. ഒ., സൗത്ത് തൃക്കരിപ്പൂർ<br>കാസർഗോഡ് ജില്ല, 671311.<br>ഫോൺ: 9562455855. |



| | | |
|---|---|---|
| ജനറൽ എഡിറ്റർ | : | പ്രൊഫ. വി. കാർത്തികേയൻ നായർ |
| എഡിറ്റർ | : | എൻ. ജയകൃഷ്ണൻ |
| കവർ | : | രാജേഷ് കെ. |
| General Editor | : | Prof. V. Karthikeyan Nair |
| Editor | : | N. Jayakrishnan |
| Cover | : | Rajesh K. |


# ആമുഖം

**ക**ണ്ണൂർ ജില്ലയിൽ നിന്ന് പയ്യന്നൂർ വഴിയിൽ ഏകദേശം 35 കിലോമീറ്റർ അകലെയാണ് ഏഴിമലയോട് ചേർന്ന് കുഞ്ഞിമംഗലം എന്ന അതിമനോഹരമായ കുഞ്ഞുഗ്രാമം സ്ഥിതിചെയ്യുന്നത്. കേരളത്തിലെ എല്ലാ ഗ്രാമങ്ങൾക്കും അതിന്റേതായ സവിശേഷതകളുണ്ടെങ്കിലും കുഞ്ഞിമംഗലം ഗ്രാമത്തിന്റെ ദേശപ്പെരുമ ആരെയും വിസ്മയിപ്പിക്കും.

കുഞ്ഞിമംഗലത്തിന്റെ ദേശപ്പെരുമ കുന്നത്തുവച്ച വിളക്കുപോലെ പ്രശോഭിക്കുന്നതിന്റെ പ്രധാന കാരണം കുഞ്ഞിമംഗലം വിളക്കുതന്നെ. ആരെയും അതിശയിപ്പിക്കുന്ന കരവിരുതോടുകൂടിയ കുഞ്ഞിമംഗലം വിളക്ക് ലോകശ്രദ്ധയാകർഷിച്ചു കഴിഞ്ഞു. ആറന്മുള കണ്ണാടി പോലെ തന്നെ കുഞ്ഞിമംഗലംകാരുടെ സ്വകാര്യ അഹങ്കാരമാണ് ഈ വിളക്ക്. എന്നാൽ അതിലൊന്നിൽ മാത്രമൊതുങ്ങുന്നതല്ല ഈ ചെറുഗ്രാമത്തിന്റെ ദേശപ്പെരുമ. *കടാങ്കോട്ടുമാക്കം* എന്ന വിശ്രുതതെയ്യം കുഞ്ഞിമംഗലംകാരുടെ സ്വന്തം തെയ്യമാണ്. അവരെ സംബന്ധിച്ചിടത്തോളം മാക്കത്തോട് മാറ്റുരയ്ക്കാൻ കഴിയുന്ന ഒരു തെയ്യം വേറെയൊന്നില്ലത്രെ. മല്ലിയോട്ട് പാലോട്ട് കാവിന്റെയും വീരചാമുണ്ഡിക്ഷേത്രത്തിന്റെയും വല്ലാർകുളങ്ങര ക്ഷേത്രത്തിന്റെയും ചരിത്രസ്മരണകൾ ചുരമാന്തി നിൽക്കുന്ന കുഞ്ഞിമംഗലം തുലാം പത്തു മുതൽ തെയ്യക്കോലങ്ങളോടൊപ്പം ഉണരുകയും ഉറങ്ങുകയും ചെയ്യുന്നു. കുഞ്ഞിമംഗലത്തിലെ അണീക്കര പൂമാല ഭഗവതി ക്ഷേത്രത്തിൽ ദിവസങ്ങളോളം നീണ്ടുനിൽക്കുന്ന പാട്ടുൽസവം അങ്ങേയറ്റം പ്രസിദ്ധവും കൗതുകകരവുമായ മറ്റൊരു ചടങ്ങാണ്. പൂരക്കളിയുടെയും മറത്തുകളിയുടെയും ജന്മഗേഹമായ ഈ ദേശത്തിന്റെ നാട്ടുവഴികളിൽ നിന്ന് നെയ്ത്തുതറികളുടെയും ഓട്ടുരുളിയാലകളുടെയും കുഴച്ച പശമണ്ണിന്റെ മൂശയിൽ നിന്ന് ഉരുത്തിരിയുന്ന മൺരൂപങ്ങളുടെയും അപൂർവദൃശ്യങ്ങൾ ഉയരുമ്പോൾ കേരളീയത്തനിമയുടെ തഴച്ചുവളർന്ന പ്രാക്തനസ്മൃതികളിലേക്ക് നമ്മുടെ മനം പിന്തിരിഞ്ഞു നടക്കും എന്നത് നിസ്തർക്കമത്രെ. പ്രാദേശികചരിത്ര പഠനങ്ങൾക്ക് എക്കാലവും ചരിത്രപരവും സാംസ്കാരികവുമായ വൈജ്ഞാനിക പ്രാധാന്യമുണ്ട്. ഒരു ദേശത്തിന്റെ പെരുമയും പൈതൃകവഴികളും മറ്റു ദേശക്കാർ ഉൾക്കൊള്ളുമ്പോഴും പഠിക്കുമ്പോഴും സാംസ്കാരികമായ ഏകോപനത്തിന്റെ തിരിച്ചറിവുകളോടൊപ്പം കേരളത്തിന്റെ ബഹുസ്വരമായ പാരമ്പര്യപ്രൗഢികൂടി ഉരുത്തിരിയുകയാണ്.

യുവഎഴുത്തുകാരിയും ഗവേഷകയുമായ ഡോ. സോന ഭാസ്കരൻ
രചിച്ച *ദേശപ്പെരുമ – കുഞ്ഞിമംഗലം ഗ്രാമത്തിന്റെ പൈതൃകവഴികൾ* എന്ന
പുസ്തകം ഒരു പ്രാദേശിക ചരിത്രപഠനമാണ്. പ്രാദേശിക ചരിത്ര പഠന
ങ്ങളുടെ വിപുലമാർന്ന സാധ്യതകളും ഇടങ്ങളും എത്രയേറെയുണ്ടെന്ന്
മാത്രമല്ല, ഒരു പ്രാദേശികപഠനം എങ്ങനെ ചിട്ടപ്പെടുത്തണം എന്നുകൂടി
ഗ്രന്ഥകർത്രി കൃത്യമായി അടയാളപ്പെടുത്തിത്തരുന്നു. മലയാളത്തിൽ
പ്രാദേശിക ചരിത്രപഠനങ്ങൾ വേണ്ടത്രയുണ്ടായിട്ടില്ലെങ്കിലും അതിന്റെ
അനിവാര്യത തീർച്ചയായും നമ്മൾ തിരിച്ചറിയേണ്ടതാണെന്നുകൂടി ഈ
പുസ്തകം വിളിച്ചുപറയുന്നുണ്ട്. അതിശയോക്തിപരമായി വസ്തുതകളെ
അവതരിപ്പിക്കാതെയും ഐതിഹ്യങ്ങളിൽ അഭിരമിക്കാതെയുമുള്ള സോന
ഭാസ്കരന്റെ രചനാരീതി വൈജ്ഞാനിക പ്രാധാന്യമർഹിക്കുന്ന പ്രാദേ
ശികചരിത്രപഠനങ്ങൾക്ക് ഒരു വഴികാട്ടിയും മുതൽക്കൂട്ടുമാണ്. ഗവേ
ഷണബുദ്ധിയിലൂന്നികൊണ്ടുതന്നെ ഗവേഷണരചനയുടെ വൈരസ്യം
തെല്ലും ജനിപ്പിക്കാതെയുള്ള ഈ പ്രാദേശികചരിത്രപഠനം പ്രസ്തുത
മേഖലയെ കൂടുതൽ സമ്പുഷ്ടമാക്കുമെന്ന് ഞങ്ങൾ പ്രതീക്ഷിക്കുന്നു.
കേരളത്തിലെ എല്ലാ പ്രധാനദേശങ്ങളിലെയും പ്രാദേശികചരിത്രത്തെ
ജില്ലാടിസ്ഥാനത്തിൽ ക്രോഡീകരിച്ച് പ്രസിദ്ധീകരിക്കുന്നത് പുതിയൊരു
കേരള ചരിത്ര പഠനസമീപനരീതിക്കുതന്നെ ഏറെ സഹായകരമാകും.
ഡോ. സോന ഭാസ്കരന്റെ ഈ പുതിയ പുസ്തകം അത്തരമൊരു സംരഭ
ത്തിനു നാന്ദിയാകട്ടെ എന്നു പ്രത്യാശിച്ചുകൊണ്ട് അഭിമാനപുരസരം
ഞങ്ങൾ ഈ പ്രാദേശികചരിത്രപഠനം വിജ്ഞാനകുതുകികൾക്കായി
സമർപ്പിക്കുന്നു.

കോഴിക്കോട്
19.11.2019

**പ്രൊഫ. വി. കാർത്തികേയൻ നായർ**
**എൻ. ജയകൃഷ്ണൻ**

# മുഖവുര

**ദേ**ശചരിത്രങ്ങളെയും ദേശപൈതൃകസൂചകങ്ങളെയും കണ്ടെത്തി
രേഖപ്പെടുത്തിവെക്കുകയെന്നത് പുതിയകാലത്തിന്റെ ആവശ്യകതയോ
ടൊപ്പം ഉത്തരവാദിത്വം കൂടിയാകുന്നു. താൻ ജീവിക്കുന്ന മണ്ണും തനത്
സംസ്കാരവും മറന്ന് അന്യസംസ്കാരത്തെ തേടുകയും ആഘോഷിക്കു
കയും തന്റേതല്ലാത്ത മറ്റെന്തിനെയോക്കുറിച്ച് അഭിമാനിക്കുകയും ചെയ്യു
ന്നതിനേക്കാൾ നല്ലത് താനുണരുകയും ഉറങ്ങുകയും ചെയ്യുന്ന ഇടങ്ങളെ
അറിയുന്നതാണ്. ഈ ധാരണയാണ് പുസ്തകത്തിന്റെ ആവശ്യകതയി
ലേക്ക് എന്നെ നയിച്ചത്. കോലത്തുനാട്ടിലെ ഏഴിമലയുടെ താഴ്വാരത്തി
ലുള്ള കുഞ്ഞിമംഗലം ഗ്രാമം എന്റെ സ്വദേശമാണ്. നാട്ടുജീവികയുടെ
ധാരാളിത്തംകൊണ്ട് ഒരു പൈതൃകസരണയിലേക്ക് പേരുചേർക്കപ്പെ
ടാനുള്ള ദേശസൂചക സമ്പത്ത് ഗ്രാമത്തിനുണ്ടെന്നുള്ള ഉത്തമമായബോ
ധ്യമാണ് സ്വദേശത്തെ അറിയാനുള്ള ആഗ്രഹം ജനിപ്പിച്ചത്. പ്രാദേശിക
സംസ്കാരങ്ങളെ വീണ്ടെടുക്കുവാനും ഗ്രാമീണനാടോടി കൈവേലരംഗം
ഒരു ദേശപൈതൃകസൂചകമെന്ന നിലയിലേക്ക് എപ്രകാരം വളരുന്നുവെന്ന്
അന്വേഷിക്കാനും നാടോടി വിജ്ഞാനിയരംഗം നടത്തുന്ന ഇടപെടലു
കളിൽ ഒരു കൂട്ടിച്ചേർക്കലാണ് ഈ പുസ്തകം.

മൺമറഞ്ഞുപോയേക്കാവുന്ന കൈവേലാപൈതൃകങ്ങളെ കുഞ്ഞി
മംഗലത്തിന്റെ ഗ്രാമീണ അകത്തളങ്ങളിൽ നിന്ന് കണ്ടെത്തിക്കൊണ്ടാണ്
പുസ്തകത്തിനാവശ്യമായ ശേഖരണങ്ങൾ നടത്തിയത്. ഇതിലൂടെ പ്രാദേ
ശിക സംസ്കാരത്തെ ഊട്ടിയുറപ്പിക്കാൻ ഗ്രാമങ്ങളെ തൊട്ടറിയുക എന്ന
വലിയൊരു നിർദേശം കൂടി അവതരിപ്പിക്കപ്പെടുന്നു. കുഞ്ഞിമംഗലത്തെ
അറിയുന്ന ഒരുദിശാകോൺമാത്രമാണ് ഈ പുസ്തകം. ഇനിയും പല
വായനകൾ ഗ്രാമത്തെത്തേടി എത്തേണ്ടതുണ്ട്. അതിനായി ഒരുങ്ങുന്ന
പഠിതാക്കൾക്കും ഗവേഷകൾക്കും ഒരു മുന്നറിവായും പുസ്തകം മാറ
ണമെന്ന് പ്രത്യാശിക്കുന്നു.

വെങ്കലപൈതൃകഗ്രാമമെന്ന നിലയിൽ ലോകനിലവാരത്തിലേക്ക്
ഉയരാനിരിക്കുന്ന കുഞ്ഞിമംഗലം ഗ്രാമത്തിന്റെ ദേശപ്പെരുമ തൊട്ടറിയാ
നുള്ള പ്രയത്നത്തിൽ സഹായഹസ്തങ്ങളൊരുക്കിയ കുഞ്ഞിമംഗലം
ഗ്രാമനിവാസികളോടുള്ള അകമഴിഞ്ഞ സ്നേഹം ഇവിടെ അറിയി
ക്കുന്നു. അന്വേഷണങ്ങൾക്ക് ശക്തിപകർന്ന ഡോ.ശിവദാസ്.കെ.കെ.,

വാദം ഗ്രന്ഥകാരി യുക്തിഭദ്രമായിത്തന്നെ ഉയർത്തുന്നുണ്ട്. അറിവിനും അറിവുൽപ്പാദകനും പാറ്റന്റ് ലഭിച്ചാൽ തദ്ദേശീയ ഉൽപ്പാദനരംഗം സജീവവും ജനപ്രിയവുമായിത്തീരും. ആഗോളീകരണത്തിന്റെ ഫലങ്ങൾ ഈ മേഖലയെ പ്രതികൂലമായി ബാധിക്കുന്നുണ്ട്. അറിവിനെ വിൽക്കാതെ ഉൽപ്പന്നത്തെമാത്രം വിതരണം ചെയ്യാനുള്ള ശിൽപ്പികളുടെ താൽപ്പര്യത്തിന് കൂടെനിന്ന് ശക്തിപകരുന്നുണ്ട് ഈ ഗ്രന്ഥം. ഈ കുറിപ്പിന്റെ ഒന്നാം ഭാഗത്ത് നാം ചർച്ചചെയ്ത വിഷയമാണല്ലോ സാമൂഹ്യ പദവി. ഇന്നും വലിയമാറ്റം അതിനില്ല എന്നതാണ് ഈ ഗവേഷകയുടെയും നിരീക്ഷണം. "മുപ്പത്തഞ്ച് വയസ്സിനു മുകളിലുള്ള തലമുറയോടുകൂടി ഇത്തരം തൊഴിൽ രംഗം നാമാവശേഷമാകും. നാടൻ തൊഴിൽരംഗത്തിന് തുടർപ്രക്രിയ നഷ്ടപ്പെടുന്നു. പണിയായുധങ്ങളും കൊട്ടിലുകളും ഇല്ലാതാകുന്നു" എന്നിങ്ങനെ വർത്തമാനകാല അവസ്ഥ വിവരിച്ചിട്ട് "ഗ്രാമീണ കരവിരുതുകൾ അന്യം നിന്നു പോകുന്നതിനുള്ള പ്രധാനകാരണം സാമൂഹികപദവിയും അവയെ അളക്കുന്ന സാമ്പത്തിക രംഗവുമാണ് എന്ന് നിരീക്ഷിച്ചിട്ട് ഗ്രാമീണതൊഴിലുകൾക്ക് അക്കാദമിക് അംഗീകാരം ലഭിക്കുക, ഗ്രാമീണ തൊഴിൽമേഖലയോടുള്ള അപകർഷതാബോധത്തിൽനിന്ന് സമൂഹം പുറത്തുകടക്കുക എന്നിങ്ങനെയുള്ള പരിഹാരമാർഗങ്ങളും നിർദേശിക്കുന്നു.

ഗ്രാമത്തിന്റ സൗന്ദര്യബോധം, പാരിസ്ഥിതികാവബോധം, നാട്ടുകൈവേലയും ലിംഗപരതയും എന്നിവയെല്ലാം വിശകലനവിധേയമാകുന്നുണ്ടിവിടെ. നാട്ടുവിജ്ഞാനരംഗവും അതിന്റെ ഉള്ളടക്കത്തിലും സമാഹരണത്തിലും വിതരണക്രമത്തിലും പുരുഷന്റേതു മാത്രമാകുന്നു. ആചാരം, അനുഷ്ഠാനം, പാരമ്പര്യം ഇതെല്ലാം ഇവിടെ സ്ത്രീക്ക് എതിരാകുന്നു. ആർത്തവം, ശുദ്ധം, ശുദ്ധി എന്നീ പദങ്ങൾ ഇവിടെയും കടന്നുവരുന്നു. തൊഴിലിന്റെ നല്ലനിലയിലുള്ള പൂർണതയ്ക്ക് പണിയാളരും മേലാളരും മുന്നോട്ട് വെക്കുന്ന പ്രധാനഘടകം ശുദ്ധിയാണ്. തൊഴിലിന് ലഭിക്കുന്ന വേതനം പുരുഷനിലൂടെയാണ് കൈമാറ്റം ചെയ്യുന്നത്. പഞ്ചലോഹം, പിത്തള, വെങ്കലം, എന്നിവകൊണ്ടുള്ള നിർമിതിയിലൂടെ ലോകശ്രദ്ധനേടിയ കുഞ്ഞിമംഗലം ശിൽപ്പഗ്രാമത്തിന്റെ സാധ്യതകൾ പരിശോധിച്ചുകൊണ്ടാണ് ഗ്രന്ഥം അവസാനിക്കുന്നത്.

ഫോക് ലോർ പഠനം സാർഥകമാകുന്നത് അത് ഇത്തരത്തിലാകുമ്പോഴാണ്. ഈ ഒരു പുസ്തകത്തിന്റെ ആദ്യ വായനക്കാരനാകാൻ കഴിഞ്ഞതിൽ സന്തോഷിക്കുന്നു. ഈടുറ്റ ഇത്തരംഗ്രന്ഥങ്ങൾ എഴുതാൻ സോനഭാസ്കരന് ഇനിയും അവസരമുണ്ടാകട്ടെ.

- ഡോ. വൈ. വി. കണ്ണൻ

കുഞ്ഞിമംഗലം
04- 12- 2019.

# ഉള്ളടക്കം


1. കുഞ്ഞിമംഗലം ഗ്രാമം: ദേശപ്പെരുമ ........ 1
2. ദേശകൈവേലകൾ ........ 41
3. നാടോടി കൈവേലകളുടെ പുതുവായന ........ 112
4. ഉപസംഹാരം ........ 154
5. സഹായകഗ്രന്ഥങ്ങൾ ........ 158
6. ആവേദകർ ........ 162
7. പദസൂചി ........ 163